# കോൺഗ്രസ്സിന്റെ "വിമോചന"സമരം

(സി. ഉണ്ണിരാജ)

കേരളത്തിൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവർമ്മെണ്ടിന്നെതിരായി കോൺഗ്രസ് അക്രമരഹിതമായ ഒരു വിമോചനസമരം ആരംഭിച്ചിരിയ്ക്കുകയാണല്ലോ. സ്റ്റേറ്റിലെ എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും സമാധാനപരമായ ഹർത്താലാചരിച്ചുകൊണ്ടും പൊതുയോഗങ്ങൾ നടത്തി മന്ത്രിസഭ രാജിവയ്ക്കണമെന്ന പ്രമേയങ്ങൾ പാസ്സാക്കിക്കൊണ്ടും ജൂൺ 12–ാം ഒരു "വിമോചനദിനം" ആചരിച്ചുകൊണ്ടും ആ സമരം ഉൽഘാടനം ചെയ്യപ്പെടാൻ പോവുകയാണ്. അതിനുശേഷമുള്ള സമരപരിപാടികളെന്തൊക്കെയാണെന്ന് വെളിപ്പെടുത്തപ്പെട്ടിട്ടില്ല. കോൺഗ്രസ്സിന്റെ സമരസമിതി അതാതവസരത്തിൽ പരിപാടികൾ പ്രഖ്യാപിയ്ക്കുമെന്നാണ് പറയപ്പെടുന്നത്.

കോൺഗ്രസ്സ് സമരം പ്രഖ്യാപിയ്ക്കുന്നതിന്ന് ഒരു മാസം മുമ്പുതന്നെ മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ ചേർന്ന "നേതാക്കന്മാരുടെ" സമ്മേളനം വിമോചനസമരം നടത്താൻ ആഹ്വാനം കൊടുത്തു കഴിഞ്ഞിരുന്നതാണ്. ആ സമ്മേളനത്തിൽ പങ്കെടുത്തതു കേരളത്തിലെ ഏററവും വലിയ ജന്മികളും മുതലാളികളും ബാങ്കർമാരും തോട്ടമുടമകളും നായർ–ക്രിസ്ത്യൻ സാമുദായികനേതാക്കളും നായർ–ക്രിസ്ത്യൻ സമുദായങ്ങളിൽപ്പെട്ട കുറെ കോൺഗ്രസ്സ് നേതാക്കളും പെൻഷൻപററിയ ചില ഉദ്യോഗസ്ഥമേധാവികളുമായിരുന്നു. അവർ അന്നുതന്നെ ഒരു സമരസമിതിയെ തിരഞ്ഞെടുത്തിരുന്നു.

ആ സമരസമിതിയും ഇപ്പോൾ ജൂൺ 12 ന്ന് വിമോചനദിനമാചരിയ്ക്കാൻ ആഹ്വാനം കൊടുത്തിട്ടുണ്ട്.

സംവരണസമ്പ്രദായവും കാർഷികബന്ധബില്ലും നായർ സമുദായത്തിന്റെ താല്പര്യങ്ങൾക്കെതിരാണെന്ന കള്ളപ്രചരണം നടത്തി ആ സമുദായത്തിലെ സാധാരണജനങ്ങളെ കബളിപ്പിക്കയും വിദ്യാഭ്യാസനിയമംമൂലം മതവും പള്ളിയും അപകടത്തിലായിരിയ്ക്കുന്നുവെന്ന് ഒരു

ആട്ടിപ്പതിപ്പ്

റിക്കാരിപ്പിച്ച് കത്തോലിക്കരെ പറഞ്ഞിളക്കി ഒരു കമ്യൂണിസ്റ്റുജ്വരത്തിന്നൊരു കളുട്ടിയും സ്വകാര്യമാനേജ്മെന്റിൻ കീഴിലുള്ള സ്കൂളുകൾ അടച്ചിട്ടും, തുറക്കാൻ നിശ്ചയിയ്ക്കുന്ന മററു സ്കൂളുകൾ അടപ്പിയ്ക്കാൻ കുട്ടിപ്പിക്കററിങ്ങും മററു സമരപരിപാടികളും സ്വീകരിച്ചും "വിമോചനസമരം" നടത്താനാണ് മന്നത്തു പത്മനാഭന്റെ നേതൃത്വത്തിലുള്ള നായർ കത്തോലിക്കാ സമുദായപ്രമാണികൾ ഒരുങ്ങിവന്നതു.

## പൊതുജനാഭിപ്രായം ശക്തിപ്പെടുന്നു

അത്തരമൊരു വിമോചനസമരത്തിന്ന് കേരളത്തിലെ ജനങ്ങളുടേയോ കേരളത്തിന്നു പുറത്തുള്ള ജനങ്ങളുടെയോ പിൻബലം കിട്ടുകയില്ലെന്ന് ഇതിനകം വ്യക്തമായിക്കഴിഞ്ഞു. മന്നത്തു പത്മനാഭന്റെ സ്വീകരണയോഗങ്ങളിൽ വമ്പിച്ച ജനക്കൂട്ടങ്ങൾ പങ്കെടുക്കുന്നുണ്ടെങ്കിൽതന്നെയും,

* സമുദായങ്ങളെന്ന നിലക്ക് തന്നെ, കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾ സ്കൂളടപ്പിനെ എതിർക്കുന്നവരാണെന്ന് സ്പഷ്ടമാക്കപ്പെട്ടു. മുസ്ലീമീങ്ങളും ഈഴവരും മററു പിന്നോക്കസമുദായക്കാരും പട്ടികജാതിക്കാരും അവരുടെ സംഘടനകളും നേതാക്കളും രാഷ്ട്രീയവിശ്വാസപ്രമാണങ്ങൾക്കതീതമായി സ്കൂളടപ്പിനെ പരസ്യമായും അസന്ദിഗ്ദ്ധമായും എതിർക്കുന്നതിന്ന് മുന്നോട്ടു വന്നു.

* സ്കൂളടപ്പിന്നെതിരായി അദ്ധ്യാപകർ ഒന്നടങ്കം അണിനിരന്നു.

* കത്തോലിക്കാ–നായർ സർവ്വീസ് സൊസൈററി മുതലായ മാനേജുമെൻറുകളൊഴികെ, മററു സ്കൂൾമാനേജർമാരിൽ ബഹുഭൂരിപക്ഷവും സ്വന്തം സ്കൂളുകളടക്കുന്നതിൽ താല്പര്യം കാണിച്ചില്ല; അവരിൽ നല്ലൊരു വിഭാഗം സ്കൂൾ തുറന്നു നടത്തുമെന്നു പ്രഖ്യാപിയ്ക്കാൻ തുടങ്ങി. മാനേജർ അസോസിയേഷന്റെ നിർദ്ദേശപ്രകാരം സ്കൂൾ തുറക്കാനുദ്ദേശിക്കുന്നില്ലെന്ന് സർക്കാരിന്ന് നോട്ടീസു കൊടുക്കാൻ മുന്നോട്ടു വന്നതു ആയിരത്തോളം (ആകെ 7000 ഉള്ളതിൽ) സ്കൂളുകളുടെ മാനേജർമാർ മാത്രമാണെന്ന വസ്തുതതന്നെ ഇക്കാര്യം വെളിപ്പെടുത്തി.

* കത്തോലിക്കാ പള്ളിമേധാവികളുടെ വിദ്യാഭ്യാസനിയമവിരുദ്ധപ്രക്ഷോഭം മന്നത്തു പത്മനാഭൻ ഏറെറടുത്തതിൽ നായർസമുദായത്തിൽ തന്നെ എതിർപ്പു വളർന്നുവന്നു. നൂറുകണക്കിന്ന് എൻ. എസ്സ്. എസ്സ്. കരയോഗങ്ങൾ ഔദ്യോഗികമായിത്തന്നെ സ്കൂളടപ്പുപ്രക്ഷോഭത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രമേയങ്ങൾ പാസ്സാക്കി.

* സ്റ്റേറ്റിന്റെ നാനാഭാഗങ്ങളിൽ വിദ്യാലയങ്ങൾ പൂട്ടാതിരിയ്ക്കാനും, തുറന്നു നടത്തിയ്ക്കാൻ വേണ്ട നടപടികളെടുക്കാനും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും പ്രതിനിധികൾ ചേർന്ന വിപുലമായ വിദ്യാഭ്യാസസംരക്ഷണസമിതികൾ ഉയർന്നുവരാൻ തുടങ്ങി.

## കോൺഗ്രസ് ഏറെറടുക്കുന്നു

ഇങ്ങിനെ സ്വകാര്യസ്കൂൾമാനേജർമാരുടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസം സ്തംഭിപ്പിക്കുകയെന്ന രൂപത്തിൽ കത്തോലിക്കാപള്ളിയുടേയും നായർസമുദായനേതാക്കളുടേയും നേതൃത്വത്തിൽ ഒരു "വിമോചനസമരം" നടത്തിയാൽ അതു പൊളിഞ്ഞുപോകുമെന്നും അതിൽ പരസ്യമായും പ്രത്യക്ഷമായും പങ്കുചേരാൻ പ്രതിപക്ഷകക്ഷികൾക്ക് പോലും സാദ്ധ്യമല്ലെന്നും വ്യക്തമായതോടു കൂടി, ആ "സമര"ത്തെ ഇപ്പോൾ കേരളകോൺഗ്രസ് നേതൃത്വം ഏറെറടുത്തിരിക്കുകയാണ്; അതിന്ന് കോൺഗ്രസ്സ് ഹൈക്കമാൻറ് അനുമതി നല്കിയിരിക്കുകയാണ്.

നമ്മുടെ രാജ്യം സ്വതന്ത്രമാവുകയും നമ്മുടെ രാജ്യത്തിന്ന് ഒരു ദേശീയജനാധിപത്യഭരണഘടന ഉണ്ടാവുകയും ചെയ്തതിന്നുശേഷം, ഭരണഘടന അനുശാസിയ്ക്കുകയും അനുവദിയ്ക്കുകയും ചെയ്യുന്ന മാർഗ്ഗങ്ങളിൽക്കൂടെയല്ലാതെ ഏതെ

ങ്കിലും ഒരു കക്ഷി ഗവണ്മെന്റിനെ മാററാൻവേണ്ടി ഒരു "പ്രത്യക്ഷസമരം" ആരംഭിക്കുന്നതു ഇതാദ്യമായിട്ടാണ്; കോൺഗ്രസ്സല്ലാത്ത ഒരു കക്ഷിയെ ജനങ്ങൾ അധികാരത്തിലേക്കു തിരഞ്ഞെടുത്ത സ്റ്റേറ്റിലാണ്, കേന്ദ്രത്തിലും മററു പല സ്റ്റേറ്റുകളിലും ഭരണത്തിലിരിക്കുന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലുമാണ് ഇതു നടക്കുന്നതു"

"അക്രമപരമായ സംഘട്ടനങ്ങളുടെ സാദ്ധ്യത നിറഞ്ഞ" ഒരു സ്ഥിതിവിശേഷം കേരളത്തിൽ വളർന്നുവരുന്നതിൽ ഉല്ക്കണ്ഠ പ്രകടിപ്പിച്ചുകൊണ്ടു പ്രധാനമന്ത്രി നെഹ്റു, അദ്ദേഹത്തിന്റെകൂടി സമ്മതത്തോടുകൂടി ഗവണ്മെന്റിനെ മാററാൻവേണ്ടി ഒരു പ്രസ്ഥാനം ഇവിടെ തുടങ്ങാൻ കേരളകോൺഗ്രസ്സ് തീരുമാനിച്ചശേഷം, ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. സാമുദായികവാദത്തിനും, ജാതിമേധാവിത്വത്തിനും എതിരായും ജനാധിപത്യപരവും സമാധാനപരവുമായ വാദഗതികളെ മുറുകെപ്പിടിക്കുന്നതിനുവേണ്ടിയും അദ്ദേഹം ശക്തിയായി ആ പ്രസ്താവനയിലുൽബോധിപ്പിച്ചിട്ടുണ്ട്".

പക്ഷേ, കേരളത്തിൽ ഒരു 'വിമോചനസമരത്തിനു ആഹ്വാനം നൽകിയതും ആ സമരത്തിനു ആളുകളെ ഇളക്കിവിട്ടിരിക്കുന്നതും അതിനു വിപുലമായ സംഘടനയുണ്ടാക്കിയിട്ടുള്ളതും സമുദായത്തിന്റെയും ജാതിയുടെയും മതത്തിന്റെയും പേരിലാണെന്നും ആ 'വിമോചനസമര'ത്തിന്റെ മുന്നണിയിൽ കയറിനില്ക്കുകയാണിന്നു കോൺഗ്രസ്സ് [illegible]തെന്നും കത്തോലിക്കാപ്പള്ളിയുടെയും മന്നത്തു പത്മനാഭന്റെയും നേതൃത്വത്തിൽ സംഘടിച്ച ശക്തികളാണ് കോൺഗ്രസ്സിന്റെ മറപിടിച്ചുകൊണ്ടു രംഗത്തിറങ്ങാൻ പോകുന്നതെന്നും പ്രധാനമന്ത്രി നെഹ്റുവിനു അറിയാതിരിക്കാനിടയില്ല; ആ സാമുദായിക പിന്തിരിപ്പൻ ശക്തികളുമായി സഹകരിച്ചും യോജിച്ചുമാണ് കോൺഗ്രസ്സ് 'വിമോചനസമരം' നടത്താൻ പോകുന്നതെന്ന കെ. പി. സി. സി. പ്രസിഡണ്ട് ശങ്കർ വ്യക്തമാക്കിയിട്ടുമുണ്ട്.

കോൺഗ്രസ്സിന്റെ 'വിമോചനസമരം' അക്രമരഹിതമായിരിക്കുമെന്നു പറയുന്നു. പക്ഷേ, 'കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ മാററുന്നതുവരെ സമരം തുടർന്നു നടത്തുമെന്നും, "നിയമസമാധാനപ്രശ്നം അപകടത്തിലാകുന്നതുമാത്രമായി ഞാൻ ആ പ്രശ്നം കാണുന്നില്ല" എന്നും, ഗവണ്മെണ്ടിന്റെ പ്രവർത്തനത്തെ സ്തംഭിപ്പിക്കത്തക്കവിധം നാനാമുഖങ്ങളിലായി അക്രമരഹിതവും വിപുലവുമായ തോതിൽ ഒരു നിസ്സഹകരണപ്രസ്ഥാനം" ആരംഭിക്കുമെന്നും, "ക്രമസമാധാനം പാലിക്കാൻ കഴിയാത്ത ഒരു മന്ത്രിസഭ ഒരു വിഭാഗം ജനങ്ങളെ അടിച്ചമർത്താൻ പരിശ്രമിച്ചു പരാജയ"പ്പെടുമ്പോൾ "ജനക്ഷമത[illegible]ന്ന ഏററവും പാറിയ തിരിയിൽ" കേന്ദ്രത്തിനു ഇടപെടുന്നതിനുവേണ്ട പരിതഃസ്ഥിതികൾ സൃഷ്ടിക്കുമെന്നും, സമര[illegible] പറയുന്നു. (കേസരിയുമായി നടത്തിയ അഭിമുഖസംഭാഷണം.)

## തെററായ കണക്കുകൂട്ടലുകൾ

അപ്പോൾ കേരളത്തിൽ കേന്ദ്രത്തെക്കൊണ്ടു ഇടപെടുവിക്കുകയാണ് കോൺഗ്രസ്സിന്റെ "വിമോചനസമര"ലക്ഷ്യം. അത്തരമൊരു സമരം എങ്ങിനെ സമാധാനപരമാകും, ജനാധിപത്യപരമാവും? ജനാധിപത്യപരമല്ലെന്നു സ്വയം വ്യക്തം. സമാധാനപരമായിരിക്കുന്ന കാലത്തോളം കേന്ദ്രത്തിനു ഇടപെടാൻ ഒഴികഴിവു കിട്ടുകയില്ല.

ഈ വസ്തുതയും പ്രധാനമന്ത്രി നെഹ്റു മനസ്സിലാക്കിട്ടില്ലെന്നു കരുതുന്നതു മൌഢ്യമാണ്.

അങ്ങിനെ കേന്ദ്രഗവണ്മെണ്ടിനെക്കൊണ്ടു ഇടപെടുവിച്ചു, ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവണ്മെണ്ടിനെ അധികാരത്തിൽ നിന്നു മാററാൻ കത്തോലിക്കാപള്ളിയുടെയും നായർ സമുദായനേതാക്കളുടെയും സഹായത്തോടുകൂടി കേരളത്തിലെ കോൺഗ്രസ്സ്നേതാക്കൾ സമരം തുടങ്ങാൻ പോവുകയാണ്. അതിന്റെ ആപൽക്കരമായ ഭവിഷ്യത്തുകൾ കേരളത്തിലെ ജനങ്ങൾ മാത്രമല്ല, ഇന്ത്യയിലെ ജനാധിപത്യവാദികളാകെ മനസ്സിലാക്കുമെന്നും ജനാധിപത്യത്തിന്റെയും സമാധാനപരമായ മാർഗ്ഗങ്ങളുടെയും നേരെ ഉയരുന്ന ഈ സംരംഭത്തെ തടയാൻ കഴിയത്തക്ക നിലയിൽ ജനങ്ങൾ ഉണർന്നുയരുമെന്നും തീർച്ചയാണ്".

9—6—59